പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T. 2428 — 19.07.2016 ൽ മറുപടിക്ക്

# റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, ജോർജ് എം. തോമസ്<br>,, പി.കെ. ശശി<br>,, പി.വി. അൻവർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;<br>(ബി) റോഡപകടങ്ങൾ കുറയ്ക്കാനായി അതോറിറ്റി നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ തടയുന്നതിനായി പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിക്കുന്നതിന് 2007 - ൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് രൂപം നൽകുകയും, അപകടങ്ങൾ തടയുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ പദ്ധതികൾക്ക് ഫണ്ട് നൽകുകയും ചെയ്യുന്നു. കൂടാതെ ഒരു സമഗ്ര റോഡ് സുരക്ഷാ പോളിസിക്ക് രൂപം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിച്ചുകൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. റോഡ് സുരക്ഷാ ബോധവൽക്കരണം.<br>2. റോഡ് സുരക്ഷാ ക്ലബ്ബുകളുടെ രൂപീകരണം.<br>3. റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും.<br>4. ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുക.<br>5. അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുക.<br>6. സ്റ്റുഡൻസ് കേഡറ്റ് പ്രോജക്ടിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി |

ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി പോലീസ് വകുപ്പിന് സാമ്പത്തിക സഹായം നൽകുക.

7. ഫുട്പാത്ത് കൈയ്യേറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. വാഹന കുരുക്ക് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. കൂടാതെ 2020-ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ ദശവത്സര റോഡ് സുരക്ഷാ പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ്, പോലീസ് ഡിപ്പാർട്ട്മെന്റ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്,നാറ്റ്പാക്ക്,കെൽട്രോൺ തുടങ്ങിയ വകുപ്പുകൾക്കും ഫണ്ട് അനുവദിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് റോഡപകടങ്ങൾ ഓരോ വർഷവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ അതോറിറ്റി കണ്ടെത്തിയി ട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് ഓരോ വർഷവും റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ വാഹനപ്പെരുപ്പവും, റോഡു കളുടെ അപര്യാപ്തതയും, അശ്രദ്ധമൂലമുള്ള വാഹനമോടിക്കൽ, നിയമലംഘനം, അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കൽ എന്നിവയുമാണ് . |
| (ഡി) | റോഡപകടങ്ങൾ ഒഴിവാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കാമോ? | (ഡി) | പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും, അപകടങ്ങൾ തടയുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ പദ്ധതികൾക്ക് ഫണ്ട് നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ